**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2092

17.06.2014- ൽ മറുപടിക്ക്

**സഹകരണ സംഘങ്ങളുടെ ഏരിയാ ഓവർലാപ്പിംഗ്**

| ചോദ്യം<br>ശ്രീ. സി.പി. മുഹമ്മദ് : | മറുപടി<br>ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
|---|---|
| എ) സർവ്വീസ് സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി നിശ്ചയിക്കുമ്പോൾ അതിവ്യാപനം (ഏരിയാ ഓവർലാപ്പിംഗ്) വ്യാപകമായി ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ള ചില സഹകരണ സംഘങ്ങളുടെ ബൈലാപ്രകാരം പ്രവർത്തന പരിധികൾക്കുള്ളിൽ അതിവ്യാപനം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനപരിധി താരതമ്യേന കുറവുള്ളതുമായ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയ്ക്കുള്ളിൽ, പ്രവർത്തനപരിധി കൂടുതലുള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ബ്രാഞ്ചുകൾ തുടങ്ങുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) സഹകരണതത്വങ്ങളും നിയമവും ചട്ടവും കാറ്റിൽ പറത്തി, സർവ്വീസ് സഹകരണ ബാങ്കുകൾക്ക്, പ്രവർത്തന്പരിധിയിൽ അതിവ്യാപനം വരത്തക്കവിധം, ബ്രാഞ്ചുകൾ തുടങ്ങുന്ന പ്രവണതയ്ക്ക് അറുതി വരുത്താൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ അതിവ്യാപനം ഉണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്തിയാണ് ശാഖകൾ അനുവദിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**